**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **13-12-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികൾ മികച്ച സേവനം ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികൾ മികച്ച സേവനം ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ട്രഷറികളിലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ കൂടുതൽ ക്വാളിറ്റിയോടെയും സുരക്ഷാകവറിലാക്കിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ട്രഷറി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഉയർന്ന ഗുണനിലവാരമുള്ള വാട്ടർമാർക്ക് പേപ്പറിൽ അതീവ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയാണ് അർദ്ധ സർക്കാർ സ്ഥാപനമായ Kerala Books and Publications Society (KBPS) -യിൽ പ്രിന്റ് ചെയ്യുന്നത്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി പരിസ്ഥിതി സൗഹൃദമായിട്ടുള്ള സുരക്ഷാ കവറുകൾ SIDCO മുഖേന വാങ്ങി ട്രഷറികൾക്ക് നൽകിയിട്ടുണ്ട്. അപ്രകാരം ട്രഷറികൾക്ക് ആവശ്യാനുസരണമുള്ള കവറുകൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിക്ഷേപകരോട് മാന്യമായി പെരുമാറുന്നതിനും അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (സി) | സ്ഥിരനിക്ഷേപകരോട് മാന്യമായും സൗഹാർദ്ദപരമായും പെരുമാറണമെന്നും താമസംവിനാ ഇടപാടുകൾ നടത്തി കൊടുക്കേണ്ടതാണെന്നും ഇടപാടുകാരുടെ തിരക്ക് ഏറുന്ന സാഹചര്യത്തിൽ ട്രഷറിയിൽ മറ്റു സീറ്റുകളിലെ ജോലികൾക്ക് നിയോഗിച്ചിരിക്കുന്ന അക്കൗണ്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും ഇടപാടുകൾ വേഗത്തിലും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് അനുയോജ്യരായ അക്കൗണ്ടന്റുമാരെ പ്രസ്തുത ചുമതല ഏൽപ്പിക്കണമെന്നും ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പണം നിക്ഷേപിക്കാൻ എത്തുന്ന ഇടപാടുകാരെ അധിക സമയം കാത്തിരിക്കാൻ ഇടവരുത്താതെ കുറഞ്ഞ സമയത്തിനുള്ളിൽ ഇടപാട് പൂർത്തീകരിച്ച് |

| | | | |
|---|---|---|---|
| | | | നൽകേണ്ടതാണെന്നും ഇതിനായി ട്രഷറി കൗണ്ടറുകൾ ക്രമീകരിക്കണമെന്നും സ്ഥിര നിക്ഷേപവുമായി ബന്ധപ്പെട്ട് ട്രഷറിയിൽ വരുന്ന അന്വേഷണങ്ങൾക്ക് മാന്യമായും വ്യക്തമായും ആധികാരികമായും മറുപടി നൽകുവാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണെന്നും സ്ഥിര നിക്ഷേപം നടത്തുവാൻ നിക്ഷേപകൻ സമർപ്പിക്കുന്ന ബാങ്ക് ചെക്കുകൾ അന്നേ ദിവസം തന്നെ ബാങ്കിൽ കളക്ഷന് നൽകേണ്ടതും കാലതാമസം കൂടാതെ തന്നെ സ്ഥിരനിക്ഷേപമാക്കി മാറ്റുവാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സേവിങ്സ് ബാങ്ക് ഫാറങ്ങൾ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ, പാസ് ബുക്കുകൾ എന്നിവ ആവശ്യാനുസരണം കരുതൽ ഉണ്ടായിരിക്കേണ്ടതും സ്ഥിര നിക്ഷേപത്തിന്റെ അപേക്ഷ, KYC ഫോം, 15 G/15H എന്നിവ പൂരിപ്പിക്കുന്നതിനും മറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ആവശ്യമായ സഹായം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ട്രഷറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾക്കായി 4.36 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 51 ട്രഷറികളുടെ പെയിന്റിംഗ് പ്രവൃത്തികളും 17 ട്രഷറികളുടെ ടോയ്‌ലറ്റ് നിർമ്മാണവും 43 ട്രഷറികളുടെ ടോയ്‌ല്റ്റ് നവീകരണവും 35 ട്രഷറികളുടെ റാമ്പ് നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുകയും ഇടപാടുകാർക്കാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ട്രഷറികളിൽ ഒരുക്കുകയും ചെയ്യുന്നുണ്ട്.

## ഇടപാടുകാർക്കായി മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നത്

ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുന്നോടിയായുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും CCTV സ്ഥാപിച്ചിട്ടുണ്ട്.

തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് എല്ലാ ട്രഷറികളിലും ജനറേറ്റർ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ട്രഷറികൾ മികച്ച സേവനം നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സംബന്ധിച്ചുള്ള നടപടികൾ

ഇടപാടുകാർക്ക് സേവനം തടസരഹിതമായി വേഗത്തിൽ ലഭ്യമാക്കുവാനായി പുതിയ സർവ്വർ സ്ഥാപിക്കുകയുണ്ടായി. വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്ക് പണം ഒടുക്കുവാനുളല സംവിധാനം ഇ-ട്രഷറി ആപ്ലിക്കേഷൻ മുഖേന ഒരുക്കുകയും ട്രഷറി സോഫ്റ്റ്-വെയർ ആപ്ലിക്കേഷൻ മറ്റു വകുപ്പുകളുടെ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ആയത് വിപുലപ്പെടുത്തി വരികയുമാണ്. ETR-5 മുഖേന സർക്കാരിലേക്ക് പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടി സൗകര്യം എല്ലാ വകുപ്പുകൾക്കും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. പൊതുജനങ്ങൾക്ക് പണം ഒടുക്കുവാനായി ട്രഷറിയിൽ വരേണ്ട സാഹചര്യം ഒഴിവാക്കുവാനായി മേൽ സൂചിപ്പിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്.